## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264** **01-03-2023 - ൽ മറുപടിയ്ക്ക്**

## അതിഥി തൊഴിലാളികളുടെ താമസ സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് തൊഴിൽ ദാതാവ് താമസ സൗകര്യം ഏർപ്പെടുത്താറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിഥി തൊഴിലാളികൾ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കേണ്ടി വരുന്നതിനാൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നതിനും മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും ക്യാമ്പുകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (സി) | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥയും) നിയമപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും, |

| | | | |
|---|---|---|---|
| | | | സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് അപ്നാഘർ പദ്ധതി. നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതിയുടെയും, കിനാലൂർ പദ്ധതി ഫേസ് 1-ന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ